**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4680** **19-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സാഫ് മുഖേന നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | വിശാദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് മത്സ്യഫെഡ്, ഫിഷറീസ് വകുപ്പ് എന്നിവ മുഖേന പ്രത്യേകമായി നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ;; | (ബി) | വിശാദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമമവുമായ മത്സ്യസംഭരണവും ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും വേണ്ടി കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | മത്സ്യ സംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും വേണ്ടി 'കേരള മത്സ്യ സംഭരണവും, വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021' നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾ അവർ പിടിച്ചു കൊണ്ടു വരുന്ന മത്സ്യത്തിന് ന്യായമായ വില ഉറപ്പാക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മുക്തമാകുന്നതിനും സഹായമാകുന്നതാണ്.<br><br>പ്രസ്തുത നിയമം നടപ്പാക്കുന്നതില്ലൂടെ സംസ്ഥാനത്തെ ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ/മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ച് ഇവയുടെ നടത്തിപ്പ്, പരിപാലനം എന്നിവ ശക്തിപ്പെടുത്തുന്നതാണ്. കൂടാതെ ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം , സംസ്കരണ കേന്ദ്രം പരിവഹന സൗകര്യം |

| | | | |
|---|---|---|---|
| | | | എന്നിവയുടെ പ്രവർത്തനം നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതാണ്.<br><br>മത്സ്യം കൈകാര്യം ചെയ്യുന്ന ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, കച്ചവടകേന്ദ്രം, ചിൽഡ് സ്റ്റോറേജ്, ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം പരിവഹന സൗകര്യം, കണ്ടെയ്നർ എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്ന തിനുമായി സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി രൂപീകരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പൂർണ്ണമായും ഉറപ്പാക്കുന്നതാണ്. |
| (ഡി) | പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് മുക്തമാക്കുന്നതിനും സാധിക്കുമോ; വിശദമാക്കാമോ? | (ഡി) | കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021 നടപ്പാക്കുന്നതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾ അവർ പിടിച്ചു കൊണ്ടുവരുന്ന മത്സ്യം നേരിട്ട് വിപണനം ചെയ്യുന്നതിനും മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനും സാദ്ധ്യമാകുന്നതാണ്. പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സൊസൈറ്റി ഫോർ അസിസ്റ്റൻറസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2010 മുതൽ സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് തീരമൈത്രി എന്ന പേരിൽ 9 തീരദേശ ജില്ലകളിലും കോട്ടയത്തും ബദൽ ജീവനോപാധി പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകളെ സാഫിന്റെ പ്രവർത്തകഗ്രൂപ്പുകളാക്കി ബദൽ ജീവനോപാധി മേഖലയിൽ സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ സാഫ് ചെയ്തുവരുന്നു. തീരദേശത്തെ മൽസ്യത്തൊഴിലാളി വനിതകൾക്കുവേണ്ടി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ), ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) എന്നീ പദ്ധതികൾ 2021-22 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 2021 – 22 വർഷത്തിൽ സാഫ് പദ്ധതികൾക്കായി 10.55 കോടി രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തു. 2022-23 വർഷത്തിൽ സംസ്ഥാനത്ത് തീരദേശ മേഖലയിലും ഉൾനാടൻ മേഖലയിലും മത്സ്യത്തൊഴിലാളി വനിതകൾക്ക് വേണ്ടി ഓൾട്ടർനേറ്റീവ് ആന്റ് സപ്പോർട്ടീവ് ലൈവ്‌ലിഹുഡ് ഓപ്പർറ്റ്യൂണിറ്റി ടു ഫിഷർവിമെൻ ഓഫ് കേരള എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2021-22 വർഷത്തിൽ സാഫ് നടപ്പിലാക്കിയതും 2022-23 വർഷത്തിൽ സാഫ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം

   മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ വരെ ഗ്രാന്റ് (ഒരംഗത്തിന് ഒരു ലക്ഷം രൂപ) അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. 2021-22 വർഷത്തിൽ 780 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 277 ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. ഇതിനായി 552.60 ലക്ഷം രൂപ ചെലവഴിച്ചു. ഇതിലൂടെ ഇവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സ്ഥിരം തൊഴിൽ, മെച്ചപ്പെട്ട സാമ്പത്തിക സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നു. 2022-23 വർഷത്തിൽ 800 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധ ങ്ങളായ 150-300 ചെറുകിട സംരംഭങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നു. ഇതിനായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനായി ജില്ലകളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ സുസ്ഥിര നിലനിൽപ്പിനായി താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നു.

a. കപ്പാസിറ്റി ബിൽഡിങ് ട്രെയിനിംഗ് പ്രോഗ്രാമുകൾ മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുമ്പായി അതിന് അവരെ പ്രാപ്തരാക്കുന്നതിന് വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നൽകിവരുന്നു. അച്ചീവ്മെൻറ് മോട്ടീവേഷൻ ട്രെയ്നിംഗ്, മാനേജ്മെൻറ് ട്രെയ്നിംഗ്, ബുക്ക്കീപ്പിംങ്ങ് & അക്കൗണ്ടിങ്ങ് ട്രെയ്നിംഗ് തുടങ്ങിയവ ഇതിൽപ്പെടുന്നു. സംരംഭം നല്ല രീതിയിൽ മുന്നോട്ട് കൊണ്ട് പോകുന്നതിനാവശ്യമായ സ്കിൽ ട്രെയിനിംഗുകൾ നൽകുന്നു. പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സ്കിൽ അപ് ഗ്രേഡേഷൻ ട്രെയ്നിങ്ങുകൾ ആവശ്യമുള്ള ഗ്രൂപ്പുകൾക്ക് നൽകുന്നു. 2021-22 വർഷത്തിൽ 2633 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി പദ്ധതി ആരംഭിക്കുന്നതിനും പദ്ധതിയുടെ സുസ്ഥിരമായ നിലനിൽപ്പിനുമായി നിരവധി

പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ഇതിനായി 39.70 ലക്ഷംരൂപ ചെലവഴിച്ചു. 2022-23 വർഷത്തിൽ വിവിധ തരം പരിശീലനങ്ങൾക്കായി 64.8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

b. പലിശ രഹിത ചാക്രീക മൂലധന സഹായം സാഫ് പദ്ധതിയിലൂടെ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുന്നതിനായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. ഗ്രൂപ്പുകളുടെ തിരിച്ചടവിന്റെ ശേഷിയും ശരാശരി വിറ്റുവരവും കണക്കിലെടുത്ത് ഗ്രൂപ്പുകൾക്ക് 25,000 രൂപ മുതൽ 75,000 രൂപ വരെയും സൂപ്പർമാർക്കറ്റുകൾ, കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ, സീ ഫുഡ് റെസ്റ്റോറൻറുകൾ എന്നിവയ്ക്ക് ഒരു ലക്ഷം രൂപ വരെയും 20 തവണകളായി തിരിച്ചടവ് കണക്കാക്കി പലിശരഹിതവായ്പയായി നൽകുന്നു. പഞ്ചായത്തുകൾതോറും രൂപീകരിച്ചിട്ടുള്ള തീരമൈത്രി മാനേജ്മെൻറ് കൗൺസിലുകൾ മുഖേന ടി യൂണിറ്റുകളുടെ തിരിച്ചടവ് ഉറപ്പുവരുത്തുന്നു. 2021-22 വർഷത്തിൽ 374 യൂണിറ്റുകൾക്ക് 164.05 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചു. 2022-23 വർഷത്തിൽ വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ടിനായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

c. സാങ്കേതികവിദ്യാ നവീകരണ പദ്ധതി

തീരമൈത്രി പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് അവരുടെ സാങ്കേതികവിദ്യാ നവീകരണത്തിനും തേയ്മാനം സംഭവിച്ച യന്ത്രഭാഗങ്ങൾ മാറ്റുന്നതിനും പുതിയവ കൂട്ടി ചേർക്കുന്നതിനുമായി ധനസഹായം നൽകുന്ന ഒരു ഘടകമാണിത്. ഒരു ഗ്രൂപ്പിന് പരമാവധി 50000/- രൂപ വരെ തിരിച്ചടവില്ലാത്ത ഗ്രാൻറായി അനുവദിക്കുന്നു. 2021-22 വർഷത്തിൽ 211 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 75 യൂണിറ്റുകൾക്ക് ടെക്നോളജി ഇംപ്രൂവ്മെന്റ് അനുവദിച്ചു. ഇതിനായി 25 ലക്ഷം രൂപ ചെലവഴിച്ചു.

d. യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ

ആക്ടിവിറ്റി ഗ്രൂപ്പുകളെ ബിസിനസ്സ് ഗ്രൂപ്പുകളായി ഉയർത്തുന്നതിൻറെ ഭാഗമായി ഗ്രൂപ്പുകൾക്ക് ബാങ്കിൽ നിന്നും 5 ലക്ഷം രൂപ വരെ ലോൺ വാങ്ങുന്നതിനായി സാഹചര്യമൊരുക്കുന്നു. ഇങ്ങനെ ലോണായി വാങ്ങുന്ന സംഖ്യയക്ക് 5 % നിരക്കിൽ പലിശ സബ്സിഡി അനുവദിക്കുന്നു. 2021-22 വർഷത്തി 177 യൂണിറ്റുകൾക്ക് ലോണിൻറെ പലിശസബ്സിഡിയായി 7.55 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. 2022-23 വർഷത്തെ പദ്ധതിയിൽ 20 ലക്ഷം രൂപ മേൽഘടകത്തിനായി വകയിരുത്തിയിട്ടുണ്ട്.

**e. സോളിഡാരിറ്റി ഫണ്ട് ടു സ്ലഗ് ളിംഗ് യൂണിറ്റ്സ്**

കോവിഡിനുശേഷം ചെറുകിട സംരംഭങ്ങളുടെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനായി ടെക്നോളജി ഇംപ്രൂവ്മെന്റ്, ഷിഫ്റ്റ് ടു അപ്രോപ്രിയേറ്റ് ബിസിനസ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി സോളിഡാരിറ്റി ഫണ്ട് അനുവദിക്കുന്നു. ഗ്രൂപ്പുകൾക്ക് അവരുടെ സാങ്കേതികവിദ്യാ നവീകരണത്തിനും തേയ്മാനം സംഭവിച്ച യന്ത്രഭാഗങ്ങൾ മാറ്റുന്നതിനും പുതിയവ കൂട്ടി ചേർക്കുന്നതിനുമായി ടെക്നോളജി ഇംപ്രൂവ്മെന്റ് ധനസഹായവും നിലവിൽ ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന സംരംഭത്തിൽ നിന്ന് മറ്റൊരു സംരംഭത്തിലേക്ക് മാറുന്നതിന് ഷിഫ്റ്റ് ടു അപ്രോപ്രിയേറ്റ് ബിസിനസ് ധനസഹായവും നൽകുന്നു. ഒരു ഗ്രൂപ്പിന് പരമാവധി 50000/- രൂപ വരെ തിരിച്ചടവില്ലാത്ത ഗ്രാൻറായി നൽകുന്നു. സ്ഥിരമൂലധനത്തിന്റെ 75 ശതമാനം

ഗ്രാന്റായും 25 ശതമാനം ബാങ്ക് ലോണോ ഗുണഭോക്തൃ വിഹിതമായോ ആയിരിക്കും. 2021-22 വർഷത്തിൽ 200 യൂണിറ്റുകൾക്ക് ഇതിൻറെ പ്രയോജനം ലഭിക്കുന്നു. ഇതിനായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2022-23 വർഷത്തിൽ കോവിഡ് മൂലം വരുമാനം കുറഞ്ഞ 200 യൂണീറ്റുകളെ കണ്ടെത്തി ധനസഹായം നൽകുന്നതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**f. കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻസ്**

സാഫ് നടപ്പിലാക്കുന്ന ജീവനോപാധി പദ്ധതിയുടെ ഭാഗമായി തീരദേശ ജില്ലകളിലെ സാഫിന്റെ മത്സ്യത്തൊഴിലാളി വനിതാ ഗുണഭോക്താക്കൾക്കായി മാനസികാരോഗ്യ സേവനങ്ങൾ നൽകുന്നതിനായി 2021-22 വർഷത്തിൽ 24 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സാഫിന്റെ ഗുണഭോക്താക്കൾക്കിടയിൽ നടത്തിയ കൂടിക്കാഴ് ച്ചകളുടെയും സർവ്വെ കളിലൂടെയും തീരദേശ ജനതയുടെ ഉപജീവന മാർഗ്ഗത്തേയും മാനസിക ആരോഗ്യത്തേയും പ്രകൃതിക്ഷോഭങ്ങൾ, മഹാമാരി എന്നീ സാഹചര്യങ്ങൾ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മെന്റൽ വെൽനസ് ക്ലിനിക്, മെഡിക്കൽ ക്യാമ്പ് മാരകരോഗങ്ങൾക്കുള്ള ചികിത്സ എന്നിവ നടപ്പിലാക്കി വരുന്നു. 2022-23 വർഷത്തിൽ കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻസ് എന്ന ഘടകത്തിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. **<u>ജെ.എൽ.ജി. പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലൈവ് ലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർവിമൻ ഇൻ കേരള</u>**

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന ജെ.എൽ.ജി. പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലൈവ് ലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർവിമൻ ഇൻ കേരള പദ്ധതി നടപ്പിലാക്കുന്നു. തീരദേശമേഖലയിൽ മത്സ്യവിൽപ്പനയും അനുബന്ധതൊഴിൽ ചെയ്യുന്നവരുമായ 4660 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും കൊള്ളപ്പലിശക്കാരുടെ ചൂഷണം ഒരു പരിധി വരെ തടയുന്നതിനും ഔദ്യോഗിക ബാങ്കിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചു. നിലവിൽ 3045 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 609 JLG കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി ആരംഭിച്ചിട്ടുണ്ട്. 304.50 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി ഉപയോഗിച്ചുവരുന്നു. 2021-22 വർഷം 1615 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 323 ജെഎൽജി യൂണിറ്റുകൾ ആരംഭിക്കുകയും 161.50 രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിക്കുകയും ചെയ്തു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് 100 ശതമാനം ആണ്. തിരിച്ചടവ് പൂർത്തീയാക്കുന്ന യൂണിറ്റുകൾക്ക് ടി തുക വീണ്ടും അനുവദിക്കുന്നു. 2022-23 വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 100 ജെഎൽജി യൂണിറ്റുകൾ ആരംഭിക്കുന്നു. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. തീരമൈത്രി സീഫുഡ് റസ്റ്റോറൻറ്

തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് പദ്ധതി പ്രകാരം 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 9 തീരദേശ ജില്ലകളിലായി തനത്

രുചിയോടെ തയ്യാറാക്കുന്ന ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ ഉൾപ്പെടുത്തികൊണ്ട് തീരമൈത്രി സീഫുഡ് റസ്റ്റോറൻറുകൾ ആരംഭിച്ചു. 5 പേരടങ്ങുന്ന ഒരു സീഫുഡ് റസ്റ്റോറൻറ് രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ വരെ ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ടി പദ്ധതിയ്ക്കായി 250 ലക്ഷം രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 9 ജില്ലകളിലായി 45 തീരമൈത്രി സീഫുഡ് റസ്റ്റോറൻറുകൾ പ്രവർത്തിച്ചുവരുന്നു.

4. അഷ്ടമുടി രണ്ടാംഘട്ടം പദ്ധതി – അപ്പാരൽകൺസോർഷ്യം

48 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 തയ്യൽ യൂണിറ്റുകൾ കൊല്ലം ജില്ലയിൽ കുണ്ടറ മഹിള പവർലൂം സൊസൈറ്റി വക കെട്ടിടത്തിൽ ന്യൂട്രാക്ക് സൊസൈറ്റി എന്ന പേരിൽ കൺസോർഷ്യം മാതൃകയിൽ അതിനൂതന സാങ്കേതിക സൗകര്യങ്ങളോടെ അപ്പാരൽ പാർക്ക് പ്രവർത്തിച്ചു വരുന്നു. ഗുണഭോക്താക്കൾക്ക് ATDC മുഖേന സ്കിൽ ട്രെയിനിംഗ് നൽകുകയും ചെയ്തു. 12 തയ്യൽ യൂണിറ്റുകളുടെ രൂപീകരണത്തിനായി 36 ലക്ഷം രൂപ ഗ്രാൻറായി അനുവദിച്ചു. കൺസോർഷ്യത്തിനുള്ള ബാങ്ക് ലോൺ (30 ലക്ഷം) ലഭിക്കുന്നതിനായി 15 ലക്ഷംരൂപ മാർജിൻ മണി അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കായി 81 ലക്ഷം രൂപ ചെലവഴിച്ചു.

5. ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻറിങ് കിയോസ്ക്

മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) മായി ചേർന്ന് മത്സ്യത്തൊഴിലാളി വനിതകൾക്കായുള്ള ശീതീകരണ സംവിധാനത്തോടു കൂടിയ 20 മത്സ്യവിപണന കിയോസ്ക് വിതരണം ചെയ്തിട്ടുണ്ട് ഇതിനായി 16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം–1, കൊല്ലം–6, കോട്ടയം–2, ആലപ്പുഴ–2, എറണാകുളം–4, തൃശ്ശൂർ–1, കോഴിക്കോട് –4 എന്നിങ്ങനെ 20 യൂണിറ്റുകൾക്ക് കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. 44 മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇതിൻറെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇതിനായി 12.33 ലക്ഷം രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തു.

കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് CIFT രൂപകല്പന ചെയ്ത 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷെൻറിങ് കിയോസ്കുകൾ സാഫിൻറെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നു. ഈ പദ്ധതിയിൽ ഒരു കിയോസ്ക് ലഭിക്കുന്നതിനായി 11900 രൂപയാണ് ഗുണഭോക്തൃ വിഹിതമായി നൽകേണ്ടത്. ആദ്യഘട്ടത്തിൽ 14 കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 12 കിയോസ്കുകൾ വിതരണം ചെയ്യുന്നതിനായി സജ്ജമാക്കി വരുന്നു.

കേരളബാങ്ക് മുഖേന ദീർഘകാല വായ്പപദ്ധതി

COVID-19 പശ്ചാത്തലത്തിൽ സംരംഭം മുന്നോട്ട് കൊണ്ടുപോകുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന തീരമൈത്രി യൂണിറ്റുകൾക്ക് പ്രവർത്തിക്കാൻ വേണ്ട വർക്കിംഗ് ക്യാപ്പിറ്റൽ അസിസ്റ്റൻസ് നൽകുന്നതിനും അതുവഴി സസ്റ്റെയിനബിലിറ്റി ഉറപ്പുവരുത്തുന്നതിനും ദീർഘക്കാല വായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കി. കൊളാറ്ററൽ സെക്യൂരിറ്റി ഒന്നും തന്നെ നൽകാതെ കുറഞ്ഞ പലിശ നിരക്കിലുള്ള ദീർഘ കാല വായ്പ ലഭ്യമാക്കുന്നത്. 3 വർഷതിരിച്ചടവ്

കാലാവധിയിൽ 2 മുതൽ 5 വരെ അംഗങ്ങൾ ഉള്ള തീരമൈത്രി യൂണിറ്റുകൾക്ക് ഒരംഗത്തിനു 50000 രൂപ എന്ന കണക്കിൽ 2 ലക്ഷം രൂപ വരെ ലോൺ അനുവദിച്ചു. 2020-21 വർഷത്തിൽ 1054 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന 359 തീരമൈത്രി യൂണീറ്റുകൾക്കായി 5 കോടി രൂപ കേരള ബാങ്കിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 139 തീരമൈത്രി യൂണീറ്റുകൾക്കായി 1.64 കോടി രൂപ കേരള ബാങ്കിൽ നിന്നും ദീർഘകാല വായ്പയായി അനുവദിച്ചിട്ടുണ്ട്.

**സ്നേഹതീരം പദ്ധതി**

തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്നതിന് സ്നേഹതീരം പദ്ധതി നടപ്പിലാക്കുന്നു. തീരദേശം പ്രവർത്തന പരിധിയിലുള്ള പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ സാഫുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയുടെ വായ്പ തിരിച്ചടവ് ഉറപ്പ വരുത്തുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നു.

<u>മോഡൽ പീലിംഗ് യൂണിറ്റ്</u>

ആലപ്പുഴ ജില്ലയിലെ 12 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 31 ലക്ഷം രൂപയുടെ മോഡൽ പീലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവും ആയിരിക്കും. ഒരംഗത്തിന് ഒരു ലക്ഷം രൂപ ഗ്രാൻറ്. സോളാർ പവർ സംവിധാനത്തോടു കൂടിയ മോഡൽ പീലിംഗ് യൂണിറ്റ് ആണ് സ്ഥാപിക്കുന്നത്. പീലിംഗ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉയർന്ന ഗുണനിലവാരത്തിലും ഹൈജിനിക് ആയും ജോലി ചെയ്യുന്നതിന് മാതൃകയാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. എക്സ്പോർട്ടിംഗ് സെൻ്ററുകൾ, ലോക്കൽ മാർക്കറ്റ് എന്നിവിടങ്ങളിൽ ഹൈജീനിക് ആയി നൽകുന്നതിന് ഇതുവഴി സാധിക്കും. ഇതിലൂടെ സ്ഥിരവരുമാനവും സ്ഥിരംതൊഴിലും കണ്ടെത്തുന്നതിനും തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കും.

<u>ഓൺലൈൻ മാർക്കറ്റിംഗ് **&** സെയിൽ</u>

സാഫ് പദ്ധതിയിലെ യൂണീറ്റുകളുടെ ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ എത്തിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കോവിഡ് മഹാമാരിയും തുടർന്ന് വന്ന ലോക്ക്ഡൗണുകളും തീരദേശ മത്സ്യത്തൊഴിലാളി വനിതകൾ നടത്തി വരുന്ന സാഫ് യൂണിറ്റുകളുടെ സംരംഭങ്ങളെ സാമൂഹികമായും സാമ്പത്തികമായും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അടച്ചുപൂട്ടൽ ഭീഷണി നേരിട്ട യൂണിറ്റുകളെ സാമ്പത്തിക തകർച്ചയിൽ നിന്ന് കരകയറ്റുന്നതിന് സാഫ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ ജനങ്ങൾ കൂടുതൽ ആശ്രയിച്ചിരുന്നത് ഓൺലൈൻ സംവിധാനങ്ങളെയാണെന്ന് മനസ്സിലാക്കി യതിന്റെ അടിസ്ഥാനത്തിൽ സാഫ് സംരംഭങ്ങളുടെ സുസ്ഥിരമായ നിലനിൽപ്പിലായി യൂണിറ്റുകളെ ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽ സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാഫിലെ 125 യൂണിറ്റുകളെ ആദ്യഘട്ടത്തിൽ വാട് സാപ്പ്, ഫെയ്സ്

ബുക്ക്  എന്നീ സോഷ്യൽ മീഡിയയിൽ ലിങ്ക് ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത യൂണീറ്റ്/ഉൽപ്പന്നങ്ങൾക്ക് രജിസ്ട്രേഷൻ. ലൈസൻസ്, ക്യൂ.ആർ കോഡ് എന്നിവ ലഭ്യമാക്കി. ഓൺലൈൻ മാർക്കറ്റിംഗ് & സെയിലിന് ആവശ്യമായ സ്റ്റാൻഡേർഡ് ക്വാളിറ്റി, പ്രോഡക്ട് സാമ്പിൾ ടെസ്റ്റിംഗ്, പാക്കിംഗ്, പ്രോഡക്ട് ലേബൽ, ഡിസൈൻ, സ്റ്റോറേജ്  എന്നിവ ചെയ്ത് വരുന്നു. പ്രൊഡക്ട് പ്രൊമോഷന് ആവശ്യമായ പരസ്യം, ഓൺലൈൻ പോസ്റ്റർ, ശോർട്ട് വിഡിയോകൾ  തുടങ്ങിയവ തയ്യാറാക്കി വരുന്നു. ടി സംവിധാനത്തിലെ യൂണീറ്റുകൾക്ക് അനുയോജ്യമായ ഡെലിവറി പാർട്ട്ണർമാരെ ജില്ലകൾ അതാത് പ്രദേശങ്ങളിൽ നിന്നുതന്നെ കണ്ടെത്തുകയും ഉൽപ്പന്നങ്ങൾ ഹോം ഡെലിവറി ചെയ്യുന്നതിന് അവരുമായി ലിങ്കേജ്  ഉണ്ടാക്കുകയും ചെയ്ത് വരുന്നു.

തീരമൈത്രി ഓൺലൈൻ മാർക്കറ്റിംഗ് ആന്റ് സെയിൽ ആപ്  രൂപീകരിച്ച് ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകളുടെ മുഴുവൻ ഉല്പന്നങ്ങളും അടുത്ത ഘട്ടത്തിൽ സാഫ് ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സാഫിന്റെ ഓൺലൈൻ മാർക്കറ്റിംഗ് ആന്റ് സെയിൽ ആപ്പിൽ മുഴുവൻ യൂണിറ്റുകളെയും ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സാഫ് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു.

**ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗ് – ഓൺലൈൻ കോഴ്സ്**

ജെൻഡർ ഇക്വാളിറ്റി & വിമെൻ എംപവർമെന്റ് പോളിസി ശീർഷകത്തിൽ ഉൾപ്പെടുത്തി "Bridging the digital divide – include, up-skill & innovate" പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ബിരുദധാരികളായ 30 യുവതികൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള  ASAP (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള) മുഖേന ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗിൽ 3 മാസത്തെ ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗ് നൽകുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 6 മാസം സാഫ് യൂണീറ്റിൻറെ ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽസിൽ  സൗജന്യ പ്രായോഗിക പരിശീലനം നൽകുന്നു. പരിശീലന കാലയളവിൽ ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ (ടാബ്‌ലറ്റ് ) പഠിതാക്കൾക്ക് നൽകുന്നു. കൂടാതെ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും നൽകുന്നു. സാഫിൻറെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനും ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗ് രംഗത്തേക്ക് മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ഇതുവഴി സാധിക്കും.

## അനുബന്ധം 2

മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾച്ചുവടെ ചേർക്കുന്നു.

1. ദേശീയ സഹകരണ വികസന കേർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്.

   മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ടുവരുന്ന മത്സ്യത്തിനന് ന്യായ വില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശ ലേലം നടപ്പിലാക്കിവരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുമായി ഐ.എഫ്.ഡി.പി പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകിവരുന്നു.

2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ(എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപന ങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ

a. ടേം വായ്പകൾ

   മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകി വരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശരഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം കാലാവധിയിൽ വിതരണം ചെയ്തു വരുന്നു.

b. മൈക്രോഫിനാൻസ് വായ്പ

   പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീ കരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി - യുടെയും എൻ.എം.ഡി.എഫ്.സി. - യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു.

c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി

   ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ

രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

3. വലകൾക്കുള്ള സബ്സിഡി പദ്ധതി

   10 എച്ച്.പി-യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിയ്ക്ക് വലയുടെ വിലയുടെ 25% പരമാവധി 10,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

4. നാടൻ വള്ളങ്ങളുടെ നവീകരണം

   നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം എഞ്ചിൻറെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

5. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

   മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം, എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് വേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

6. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)

   മത്സ്യത്തൊഴിലാളികൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വഴി വായ്പ ലഭിക്കുന്നതിന് 448 ബാങ്കുകളിലായി 10971 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 790 പേർക്ക് 9.32 കോടി രൂപ കെ.സി.സി വായ്പയായി വിവിധ ബാങ്കുകൾ വിതരണം ചെയ്തു കഴിഞ്ഞു.

7. ബ്ലൂ റവല്യൂഷൻ / പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി (PMMSY)

   ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ 200 മറൈൻ പ്ലൈവുഡ് വള്ളങ്ങൾക്ക് പകരം ഫൈബർ ഗ്ലാസ്സ് വള്ളങ്ങൾ നൽകുന്നതിന് 4 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി നടപ്പിലാക്കി. പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ 100 ഗ്രൂപ്പുകൾക്ക് വള്ളം, വല, എഞ്ചിൻ എന്നിവയ്ക്കായി 5 ലക്ഷം രൂപ വീതം നൽകുന്നതിനുള്ള 5 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി 60% വായ്പയോടും 40% സബ്സിഡിയോടും കൂടി നടപ്പിലാക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജില്ലകളിൽ നടന്നു വരുന്നു.

8. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി

   മത്സ്യഫെഡിൻറെ മണ്ണെണ്ണ ബങ്കുകൾ വഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നു. ലിറ്ററിന് 25/- രൂപ നിരക്കിൽ മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്നു. സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി

ഈ തുക തൊഴിലാളികൾക്ക് നൽകുന്നു. 45.00 കോടി രൂപ പ്രതിവർഷം ഇതിനായി ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്. 14000 മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

9. മത്സ്യവിപണനം

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മത്സ്യങ്ങൾ അവർ അംഗങ്ങളായുള്ള സഹകരണ സംഘങ്ങൾ വഴി ലേലം ചെയ്ത് മത്സ്യഫെഡ് സംഭരണ കേന്ദ്രങ്ങളിൽ (ബേസ് സ്റ്റേഷൻ) എത്തിക്കുകയും, അവിടെ നിന്നും മത്സ്യഫെഡ് സ്വന്തമായി നടത്തുന്ന 53 ഫിഷ്മാർട്ടുകൾ, സർവ്വീസ് സഹകരണ സംഘം/ബാങ്കുമായി ചേർന്ന് പ്രവർത്തിക്കുന്ന 60 ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകൾ, 10 സഞ്ചരിക്കുന്ന മത്സ്യവിപണനശാലകൾ (അന്തിപച്ച) എന്നിവയിലേക്ക് വിതരണം ചെയ്തു വരുന്നു. മത്സ്യഫെഡിന്റെ ഫിഷ്മാർട്ടുകൾ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഫണ്ട് ലഭ്യമാക്കിയാണ് സ്ഥാപിക്കുന്നത്. മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യവിപണനം വഴി മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും, ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മോചനം ലഭിക്കുന്നതിനുമുള്ള സാഹചര്യവും ഉണ്ടാക്കുന്നു. കൂടാതെ മത്സ്യഫെഡ് മാർട്ടുകളിലും, സഞ്ചരിക്കുന്ന മത്സ്യവിപണനശാലകളിലും ജീവനക്കാരായി മത്സ്യത്തൊഴിലാളി മേഖലയിലെ സ്വയം സഹായ ഗ്രൂപ്പിൽ നിന്നുള്ള അംഗങ്ങളെ നിയമിക്കുന്നതിനാൽ അവർക്ക് സ്ഥിരവരുമാനം ലഭ്യമാകുകയും ചെയ്യുന്നു.